ആറ്റിങ്ങലും നോർത്തും ഇഞ്ചോടിഞ്ച്

കുച്ചിപ്പുടി, ഭരതനാട്യം എന്നിവയിൽ ഒന്നാം സ്ഥാനവും മോഹിനിയാട്ടത്തിൽ എ ഗ്രേഡും കരസ്ഥമാക്കിയ പേയാട് സെന്റ് സേവ്യേഴ്സ് ഹയർ സെക്കന്ററി സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിനി മാളവിക .എസ്.ഗോപൻ

ആറ്റിങ്ങൽ: ജില്ലാ കലോത്സവം അവസാന ദിനത്തിലേക്ക് കടക്കുമ്പോൾ കിരീടപോരാട്ടം ആതിഥേയരായ ആറ്റിങ്ങലും തിരുവനന്തപുരം നോർത്തും തമ്മിൽ. ആകെയുള്ള 301 മത്സരങ്ങളിൽ 250 എണ്ണത്തിന്റെ ഫലം പുറത്തുവന്നപ്പോൾ ആറ്റിങ്ങൽ ഉപജില്ല 656 പോയിന്റോടെ മുന്നിലാണ്. ആറ് പോയിന്റിന്റെ വ്യത്യാസത്തിലാണ് തിരുവനന്തപുരം നോർത്ത് രണ്ടാമതുള്ളത്. 634 പോയിന്റോടെ സൗത്ത് മൂന്നാംസ്ഥാനത്തും, 606 പോയിന്റോടെ കിളിമാനൂർ നാലാംസ്ഥാനത്തുമുണ്ട്. നൃത്തമത്സരങ്ങൾ രാത്രിയിലും പുരോഗമിക്കുന്നതോടെ പോയിന്റ് നില ഇനിയും മാറിമറിയും.

എച്ച്.എസ്.എസ് വിഭാഗത്തിൽ 308 പോയിന്റോടെ തിരുവനന്തപുരം നോർത്താണ് മുന്നിൽ. 294 പോയിന്റുമായി സൗത്ത് രണ്ടാം സ്ഥാനത്തും, 281

പോയിന്റോടെ ആറ്റിങ്ങൽ മൂന്നാമതുമാണ്.

എച്ച്.എസ് വിഭാഗത്തിൽ 260 പോയിന്റുമായി കിളിമാനൂരാണ് മുന്നിൽ. രണ്ടാം സ്ഥാനം നോർത്തിനാണ് - 250 പോയിന്റ്. 246 പോയിന്റോടെ

ആറ്റിങ്ങൽ തൊട്ടുപിന്നിലുണ്ട്.

യു.പി വിഭാഗത്തിൽ ആറ്റിങ്ങലാണ് മുന്നിൽ-129 പോയിന്റ്. 125 പോയിന്റോടെ കിളിമാനൂരും, 107 പോയിന്റോടെ നെടുമങ്ങാട് മൂന്നാം സ്ഥാനത്തും തുടരുന്നു.

സംസ്കൃതോത്സവത്തിൽ എച്ച്.എസ്, യു.പി വിഭാഗത്തിൽ പാലോട് ഉപജില്ലയാണ് മുന്നിൽ-144 പോയിന്റ്. രണ്ടാംസ്ഥാനം 123 പോയിന്റുള്ള കാട്ടാക്കട ഉപജില്ലയ്ക്കാണ്. മൂന്നാംസ്ഥാനത്ത് 118 പോയിന്റോടെ നെടുമങ്ങാട് ഉപജില്ലയാണ്.

അറബിക് കലോത്സവത്തിൽ എച്ച്.എസ്, യു.പി വിഭാഗങ്ങളിലെ പോയിന്റ് നിലയനുസരിച്ച് ആറ്റിങ്ങൽ ഉപജില്ലയാണ് മുന്നിൽ, 131 പോയിന്റ്. 127 പോയിന്റുമായി കിളിമാനൂർ ഉപജില്ല രണ്ടാം സ്ഥാനത്തും, 123 പോയിന്റ് നേടി നെടുമങ്ങാട് മൂന്നാം സ്ഥാനത്തുമുണ്ട്.

പോർവിളി രംഗപടത്തെ ചൊല്ലിയും

ആറ്റിങ്ങൽ: ഹൈസ്കൂൾ വിഭാഗം നാടകമത്സരം കഴിഞ്ഞതോടെ ഓഡിറ്റോറിയത്തിന് പുറത്ത് നിന്നിരുന്ന രണ്ടുപേർ വേദിയുടെ പിറകിലെത്തി.

ടീമുകളുടെ ചുമതലക്കാരായ അദ്ധ്യാപകരും അണിയറപ്രവർത്തകരും രംഗസജ്ജീകരണങ്ങൾ അഴിച്ചുമാറ്റുന്ന തിരക്കിലാണ്. "അത് പിന്നീട്, ആദ്യം വാടക താ"- വന്നവരിലൊരാൾ ഉറക്കെ പറയുന്നുണ്ട്. അണിയറക്കാരുടെ ആവലാതി പറച്ചിലൊന്നും അവർ കേൾക്കുന്നില്ല. അഡ്വാൻസ് നൽകിയ തുക കഴിഞ്ഞ് 50,000 രൂപ ഉടൻ കിട്ടണമെന്നാണ് ആവശ്യം. ഇപ്പോൾ തരാൻ ഇല്ലെന്നു പറഞ്ഞതോടെ സ്ഥലത്ത് സംഘർഷാവസ്ഥയായി. പരസ്പരം ഭീഷണിയും വെല്ലുവിളിയുമായി. പൊലീസ് ഇടപെടുമെന്നായപ്പോൾ സന്ദർശകർ പിന്തിരിഞ്ഞു. "നാട്ടിൽ വാ, അപ്പോൾ കാണിച്ചുതരാം" എന്നായി ഭീഷണി. എന്നാൽ കാണാമെന്നായി മറുപടി. നാടകങ്ങൾക്ക് രംഗപടം ഒരുക്കുന്നതിന് ലക്ഷങ്ങൾ ചെലവിട്ടതിന്റെ ബാക്കി പത്രമായിരുന്നു ഈ പോർവിളി. ചില നാടകങ്ങളുടെ അവതരണത്തിന് സെറ്റ് ഇടാൻ ഒരു ലക്ഷം രൂപയെങ്കിലും ചെലവഴിച്ചതായാണ് വെളിപ്പെടുത്തൽ. എന്നാൽ ലളിതമായ രംഗവേദിയിൽ അവതരിപ്പിക്കപ്പെട്ട നാടകങ്ങളാണ് മികവു കാട്ടിയതും ഒന്നാംസ്ഥാനം നേടിയതും.

കൊതിയൂറും സ്വാദ്

അപ്പുക്കുട്ടൻ നായരുടെ കൈപ്പുണ്യം രുചിച്ചറിഞ്ഞ് കലോത്സവത്തിന്റെ മൂന്നാം ദിനം. ളുശനിലയിൽ പരിപ്പ് മുതൽ പായസം വരെയുള്ള വിഭവങ്ങളാണ് ഭക്ഷണത്തിന് മേൽനോട്ടം വഹിക്കുന്ന അപ്പുക്കുട്ടൻ നായരുടെ കലവറ വിളമ്പിയത്. ഉച്ചഭക്ഷണം കഴിക്കാനുള്ള വരി ഊട്ടുപുരയായ ദ്വാരക ഓഡിറ്റോറിയത്തിൽനിന്ന് പ്രധാനറോഡ് വരെ നീണ്ടു.

കുറച്ച് കാത്തുനിന്നെങ്കിലും ആർക്കും നിരാശപ്പെടേണ്ടി വന്നില്ല. രാവിലെ 11ന് വിളമ്പിത്തുടങ്ങിയ ഉച്ചഭക്ഷണം മൂന്നരയ്ക്കാണ് അവസാനിപ്പിച്ചത്.

സദ്യവട്ടങ്ങളിൽ അടപ്പായസമായിരുന്നു ഇന്നലത്തെ സ്പെഷ്യൽ. കഴിഞ്ഞ പത്ത് വർഷമായി ജില്ലാ കലോത്സവത്തിന് ഭക്ഷണമൊരുക്കുന്നത് അപ്പുക്കുട്ടൻ നായരുടെ നേതൃത്വത്തിലാണ്. സഹായികളായി സ്ത്രീകളും പുരുഷന്മാരുമുൾപ്പെടെ 18 പേരുണ്ട്.

ഹയർ സെക്കൻഡറി വിഭാഗം നാടോടിനൃത്തം- ഒന്നാം സ്ഥാനം നേടിയ കിളിമാനൂർ ജി. എച്ച്. എസ്. എസിലെ നേഹാ ബി. എസ്

ഹൈസ്കൂൾ വിഭാഗം സംഘനൃത്തത്തിൽ ഒന്നാം സ്ഥാനം നേടിയ കവടിയാർ നിർമ്മലഭവൻ എച്ച്.എസ്.എസ് ടീം

ശാസ്ത്രീയസംഗീതത്തിൽ പൂജയ്ക്ക് ഹാട്രിക്

ആറ്റിങ്ങൽ: ശാസ്ത്രീയസംഗീതത്തിൽ സംസ്ഥാന തലത്തിൽ മത്സരിക്കാൻ പൂജ .എൻ.ജെ യോഗ്യത നേടുന്നത് തുടർച്ചയായ മൂന്നാംവർഷം. കോട്ടൺഹിൽ ജി.എച്ച്.എസ്.എസിലെ പ്ലസ് ടു വിദ്യാർത്ഥിയായ പൂജയുടെ അക്കൗണ്ടിൽ സംസ്ഥാന തലത്തിൽ കഴിഞ്ഞ രണ്ടു വർഷത്തെ തുടർച്ചയായ ഒന്നാം സ്ഥാനങ്ങളുമുണ്ട്. ശ്യാമശാസ്ത്രികൾ രചിച്ച പൂർവ കല്യാണി രാഗത്തിലുള്ള 'നിന്നുവിന ഗാമരി...' എന്ന് തുടങ്ങുന്ന കീർത്തനമാണ് പൂജ ആലപിച്ചത്. പത്ത് വയസ് മുതൽ പാർവതീശ്വരം പത്മനാഭയ്യരുടെ കീഴിൽ സംഗീതം അഭ്യസിക്കുന്നുണ്ട്. പുളിയറക്കോണം സത്യവാഗീശ്വരത്തിൽ നാരായണന്റെയും ജ്യോതിശ്രീയുടെയും മകളാണ്. സംസ്ഥാന തലത്തിൽ ഇത്തവണയും ഒന്നാമതെത്തി ഡബിൾ ഹാട്രിക് പൂർത്തിയാക്കുകയാണ് പൂജയുടെ ലക്ഷ്യം.

ആനിയുടെ സ്വപ്നവും അച്ഛന്റെ കടമ്പകളും

ആറ്റിങ്ങൽ: തട്ടുകട നടത്തുന്നതിൽ നിന്ന് കിട്ടുന്ന ചെറിയ വരുമാനത്തിലാണ് രാജേന്ദ്രന്റെ കുടുംബം കഴിയുന്നത്. പഞ്ചായത്ത് പണിതുനല്കിയ കൊച്ചുവീട്ടിലെ ഇല്ലായ്മകൾക്കിടയിലും നന്നായി പഠിക്കുന്ന മക്കളിലാണ് ഈ അച്ഛന്റെ പ്രതീക്ഷ.

ഒമ്പതാം ക്ലാസിൽ പഠിക്കുന്ന മൂത്തമകൾ ആനി അച്ഛനോട് ചോദിച്ചു. കഥാപ്രസംഗം പഠിച്ചാൽ ജില്ലാകലോത്സവത്തിൽ കൊണ്ടുപോകുമോ എന്ന്. ആദ്യം സ്കൂൾ തലത്തിൽ ജയിക്കട്ടെ എന്നായി രാജേന്ദ്രൻ. പേര് നൽകിയെങ്കിലും നിർഭാഗ്യവശാൽ ആനിക്ക് മത്സരത്തിൽ പങ്കെടുക്കാനായില്ല. പക്ഷേ, കഥാപ്രസംഗം അവതരിപ്പിക്കണമെന്നത് അവളുടെ സ്വപ്നമായിരുന്നു.

സ്വന്തമായി തയ്യാറാക്കിയ കഥയുമായി ഉപജില്ല കലോത്സവത്തിൽ പങ്കെടുത്ത് എ ഗ്രേഡോടെ ഒന്നാംസ്ഥാനം കരസ്ഥമാക്കി. അതോടെ പ്രോത്സാഹനവുമായി അദ്ധ്യാപകരുമെത്തി. സഹപാഠികളായ നാല് കുട്ടികൾക്ക് ഹാർമോണിയത്തിലും തബലയിലും പരിശീലനം നൽകി. കഥാപ്രസംഗത്തോടുള്ള മകളുടെ താത്പര്യം മനസിലാക്കിയ രാജേന്ദ്രൻ കഷ്ടപ്പെട്ടും ചെലവുകളെല്ലാം വഹിച്ചു. ജില്ലാ കലോത്സവത്തിന് പോകാൻ തയ്യാറെടുക്കവേ ഹാർമോണിയം വായിക്കുന്നവരിൽ ഒരാൾക്ക് അസൗകര്യം. എട്ടാം ക്ലാസുകാരൻ അനുജൻ ആദിൻ ആ ചുമതലയേറ്റു.

മത്സരശേഷം ആനി അച്ഛനും അനിയനുമൊപ്പം

ഇന്നലെ കലോത്സവ നഗരിയിലെ മുനിസിപ്പൽ ടൗൺ ഹാളിൽ ചേച്ചിയും അനുജനും ചേർന്ന് കഥാപ്രസംഗ ആസ്വാദകരെ വിസ്മയിപ്പിക്കുകയായിരുന്നു. അനജിത്, മിഥുൻ, സന എന്നിവരും ടീമിലെ അംഗങ്ങളായി. ഒന്നാം സ്ഥാനം ലഭിച്ചില്ലെങ്കിലും എ ഗ്രേഡുണ്ട്. പരിശീലനം ലഭിച്ചിരുന്നെങ്കിൽ മകൾ ഒന്നാമതെത്തുമായിരുന്നുവെന്ന് രാജേന്ദ്രൻ പറയുന്നു.

ഉണ്ടൻകോട് സെന്റ് ജോൺസ് സ്കൂൾ വിദ്യാർത്ഥിയായ ആനിക്ക് അറിയപ്പെടുന്ന ഒരു കാഥികയാവണമെന്നാണ് ആഗ്രഹം. ബാലശാസ്ത്ര കോൺഗ്രസിൽ സംസ്ഥാനതല വിജയിയാണ്. വെള്ളറട കൃഷിഭവന് സമീപത്താണ് രാജേന്ദ്രനും കുടുംബവും താമസിക്കുന്നത്.

വേദികളിൽ ഇന്ന്

വേദി 1 (ഗവ. ഗേൾസ് എച്ച്.എസ്.എസ്- പ്രധാന വേദി): രാവിലെ 9ന് ചവിട്ടുനാടകം എച്ച്.എസ്, എച്ച്.എസ്.എസ്.

വേദി 2 (ഗവ. ഗേൾസ് എച്ച്.എസ്.എസ് ഓഡിറ്റോറിയം): രാവിലെ 9ന് നാടൻപാട്ട് എച്ച്.എസ്, എച്ച്.എസ്.എസ്.

വേദി 3 (ഡയറ്റ്- പ്രധാന വേദി): രാവിലെ 9ന് മിമിക്രി എച്ച്.എസ്, എച്ച്.എസ്.എസ്.

വേദി 4 (മുനിസിപ്പൽ ടൗൺ ഹാൾ): രാവിലെ 9ന് പ്രസംഗം സംസ്കൃതം എച്ച്.എസ്.എസ്, 10ന് പദ്യംചൊല്ലൽ സംസ്കൃതം എച്ച്.എസ്.എസ്, 11ന് അക്ഷരശ്ലോകം യു.പി, എച്ച്.എസ്.

വേദി 5 (ഡയറ്റ്- സ്റ്റേജ് 2): രാവിലെ 9ന് പദ്യംചൊല്ലൽ കന്നഡ യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്, 10ന് പ്രസംഗം കന്നഡ യു.പി, എച്ച്.എസ്, 11ന് യക്ഷഗാനം എച്ച്.എസ്.

വേദി 6 (ടൗൺ യു.പി.എസ് സ്റ്റേജ്): രാവിലെ 9ന് പ്രസംഗം ഇംഗ്ലീഷ് യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്, 11ന് പദ്യംചൊല്ലൽ ഇംഗ്ലീഷ് യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്.

വേദി 7 (ഗവ. ഗേൾസ് എച്ച്.എസ്.എസ് ഓഫീസിന് മുൻവശം): രാവിലെ 9ന് പ്രസംഗം അറബിക് എച്ച്.എസ്.എസ്, 9.30ന് പ്രസംഗം അറബിക് യു.പി, എച്ച്.എസ്, 10ന് പദ്യംചൊല്ലൽ അറബിക് യു.പി, എച്ച്.എസ്.

യു.പി വിഭാഗം ഒപ്പനയിൽ ഒന്നാം സ്ഥാനം നേടിയ നെയ്യാറ്റിൻകര സെന്റ് തെരേസാസ് കോൺവെന്റ് ടീം

റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് കേരളകൗമുദി പുറത്തിറക്കിയ പ്രത്യേക സപ്ലിമെന്റ് കവടിയാർ നിർമ്മലഭവൻ സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകി പബ്ലിസിറ്റി കമ്മിറ്റി അംഗം ബി. സുഖീന്ദ്രൻ പ്രകാശനം ചെയ്യുന്നു. കേരളകൗമുദി താലൂക്ക് ലേഖകൻ വിജയൻ പാലാഴി, പരസ്യവിഭാഗം അസിസ്റ്റന്റ് മാനേജർ സുധികുമാർ, പബ്ലിസിറ്റി കമ്മിറ്റി അംഗം ബൈജു എന്നിവർ സമീപം

മൂകാഭിനയത്തിൽ മിന്നിയത് നിർമ്മലഭവൻ

ആറ്റിങ്ങൽ: ഓക്സിജൻ ലഭിക്കാതെ പിടഞ്ഞുമരിച്ച പിഞ്ചോമനകളെ രംഗത്തവതരിപ്പിച്ച് മൂകാഭിനയ വേദിയിൽ നിർമ്മലഭവൻ സ്കൂൾ ടീം ശ്രദ്ധേയരായി. ജീവനുവേണ്ടി പിടയുന്ന കുഞ്ഞുങ്ങളുടെ ദയനീയഭാവങ്ങൾ പ്രേക്ഷകരെ അസ്വസ്ഥരാക്കി. കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങളും നിയമപാലകരുടെ നിശബ്ദതയും ചോദ്യം ചെയ്യുന്ന പ്രകടനങ്ങളും മൂകാഭിനയ വേദിയിൽ കണ്ടു. ബ്ലൂ വെയിൽ ഗെയിമും ചിലർ പ്രമേയമാക്കി. ഭാവപ്രകടനത്തിൽ പെൺകുട്ടികൾ ആൺകുട്ടികളെ പിന്നിലാക്കിയതായി വിധികർത്താക്കൾ പറഞ്ഞു. ഹൈസ്കൂൾ വിഭാഗത്തിൽ മത്സരിച്ച പതിനെട്ട് സ്കൂളുകളും ഒപ്പത്തിനൊപ്പമായിരുന്നു. ഹയർസെക്കൻഡറി സ്കൂളുകളും ഒട്ടും പിന്നിലായില്ല.

എഴുത്ത്.....

എൻ.പി. മുരളീകൃഷ്ണൻ
വിജയൻ പാലാഴി
എസ്.ടി.ബിജു
ശില്പ.എസ്.എൽ.

ചിത്രങ്ങൾ...

അജയ് മധു

മിന്നും താരങ്ങൾ

എച്ച്.എസ്.എസ് വിഭാഗം

കുച്ചുപ്പുടി (ആൺ): 1. പ്രിജുൻ എസ്. പത്മൻ, സി.എസ്.ഐ ആറ്റിങ്ങൽ, 2. വിനിൽ .ജെ, ജി.എച്ച്.എസ്.എസ് വക്കം.

ശാസ്ത്രീയ സംഗീതം (പെൺ): 1. പൂജ .എൻ.ജെ, ജി.ജി.എച്ച്.എസ്.എസ് കോട്ടൺഹിൽ, തിരുവനന്തപുരം, 2. അഭിനന്ദ എം. കുമാർ, ഗവ. എച്ച്.എസ്.എസ് കുളത്തുമ്മേൽ.

ശാസ്ത്രീയസംഗീതം (ആൺ): 1. അദ്വൈത് ആർ. രാജേഷ്, ഗവ. മോഡൽ ബി.എച്ച്.എസ്.എസ് തൈക്കാട്, 2. അഭയ് കൃഷ്ണ .യു, ക്രൈസ്റ്റ് നഗർ എച്ച്.എസ് തിരുവനന്തപുരം. മദ്ദളം: 1. രഹിത .കെ, ഹോളി ഏഞ്ചൽസ് തിരുവനന്തപുരം, 2. അഭിഷേക്. എസ്.എൽ, ഗവ. വി.എച്ച്.എസ്.എസ് പൂവാർ.

ഉപന്യാസം (മലയാളം): 1. ഭരത് .എസ്, ഗവ. എച്ച്.എസ്.എസ്, നാവായിക്കുളം, 2. അഖിൽ സതീഷ്, ഗവ. എച്ച്.എസ്.എസ് നെടുവേലി.

മാപ്പിളപ്പാട്ട് (പെൺ): 1. കാർത്തിക പ്രദോഷ്, സെന്റ് ക്രിസോസ്റ്റം ജി.എച്ച്.എസ് നെല്ലിമൂട്, 2. ഗൗരി .ജെ.എസ്, ഗവ. വി.എച്ച്.എസ്.എസ് വെള്ളനാട്.

കാവ്യകേളി: 1. ആർച്ച കൃഷ്ണൻ, ഗവ. ഗേൾസ് എച്ച്.എസ്.എസ് മിതൃമ്മല, 2. മേഘ .സി.എൽ, എസ്.എസ്.വി.ജി.എച്ച്.എസ്.എസ് ചിറയിൻകീഴ്. **മോഹിനിയാട്ടം (പെൺ):** 1. ജാനകി എസ്. നായർ, ഗവ. ജി.എച്ച്.എസ് നെയ്യാറ്റിൻകര, 2. ലക്ഷ്മി .പി.എൽ, ഗവ. മോഡൽ ജി.എച്ച്.എസ്.എസ് പട്ടം,

ഭരതനാട്യം (ആൺ): 1. വിനിൽ .ജെ, ജി.എച്ച്.എസ്.എസ് വക്കം, 2. മനു .എസ്, ഗവ.എച്ച്.എസ്.എസ് തോന്നയ്ക്കൽ. **പ്രസംഗം (മലയാളം):** 1. യാതിൻ പ്രദീപ്, ഗവ. ബി.എച്ച്.എസ്.എസ് ആറ്റിങ്ങൽ, 2. സാന്ദ്ര ഷാജി, ഗവ. ജി.എച്ച്.എസ്.എസ് നെയ്യാറ്റിൻകര.

എച്ച്.എസ് വിഭാഗം

സംഘനൃത്തം: 1. ശ്രീലക്ഷ്മി . എം.ജെ, നിർമലഭവൻ ജി.എച്ച്.എസ്.എസ് തിരുവനന്തപുരം, 2. ആര്യ .ആർ.പി, ന്യൂഎച്ച്.എസ്.എസ് നെല്ലിമൂട്.

മലയാളം കഥാരചന: 1. സാവ്യ വേണുഗോപാൽ, സെന്റ് ഗൊരേറ്റീസ് ജി.എച്ച്.എസ്.എസ് നാലാഞ്ചിറ, 2. റസ്മി .ആർ, ഔർ ലേഡി ഒഫ് മെഴ്സി എച്ച്.എസ്.എസ് പുതുക്കുറിച്ചി.

അറബിക് സംഭാഷണം: 1. ലിൻഷ .എൻ, ഗവ. ജി.എച്ച്.എസ്.എസ് ആറ്റിങ്ങൽ, 2. മുഹമ്മദ് ഹുബൈദ്, ഗവ. എച്ച്.എസ്.എസ് പള്ളിക്കൽ.

കുച്ചുപ്പുടി (ആൺ): 1. ഗൗതം . എം, സെന്റ് മേരീസ് പട്ടം, 2. ജീവൻ ജോയ്, എസ്.എച്ച്.സി.എച്ച്.എസ് അഞ്ചുതെങ്ങ്, 2. ജീവൻ .എസ്.ബി, ഗവ. ബോയിസ് എച്ച്.എസ്.എസ് കന്യാകുളങ്ങര.

കുച്ചുപ്പുടി (പെൺ): 1. അനാമിക എം. ബിനു, കെ.ടി.സി.ടി കടുവയിൽ, 2. സായികൃഷ്ണ .കെ.ആർ, സെന്റ് മേരീസ് പട്ടം. **സംസ്കൃതം അഷ്ടപതി (പെൺ):** 1. ഗായത്രി. എസ്, ന്യൂ എച്ച്.എസ്.എസ് നെല്ലിമൂട്, 2. അഫ്സാന എസ്. അസ്മി, ഗവ. ജി.എച്ച്.എസ്.എസ് കോട്ടൺഹിൽ, തിരുവനന്തപുരം.

സംസ്കൃതം നാടകം: 1. ആദിത്യ എ.എസ്. നായർ, എൻ.എസ്.എസ് എച്ച്.എസ് മടവൂർ, 2. ഗോപിക കൃഷ്ണ .കെ, ഗവ. ജി.എച്ച്.എസ്.എസ് കോട്ടൺഹിൽ, തിരുവനന്തപുരം.

കാവ്യകേളി: 1. ആനി റേയ്ച്ചൽ . ബി, ഗവ.എച്ച്.എസ്.എസ് കുളത്തുങ്കൽ, 2. ഐശ്വര്യ .എം.എ, സെന്റ് ഗൊരേറ്റീസ് ജി.എച്ച്.എസ്.എസ് നാലാഞ്ചിറ.

ശാസ്ത്രീയസംഗീതം (പെൺ): 1. രേവതി എസ്. ശർമ്മ, ഗവ. ജി.എച്ച്.എസ്.എസ് കോട്ടൺഹിൽ, തിരുവനന്തപുരം, 2. അഥീന .ജി.എസ്, സെന്റ് മേരീസ് പട്ടം.

സംസ്കൃതം അഷ്ടപതി (ആൺ): 1. അഭിനന്ദ് .പി.എസ്, ആർ.ആർ.വി.ബി.വി.എച്ച്.എസ്.എസ് കിളിമാനൂർ, 2. അചൽ കൃഷ്ണ, എസ്.കെ.വി.എച്ച്.എസ് നന്ദിയോട്. **സംസ്കൃതം പാഠകം (പെൺ):** 1. ഗൗരി .സി.വി, ഗവ. ജി.എച്ച്.എസ് കോട്ടൺഹിൽ, 2. പ്രവീണ .പി.വി, എസ്.കെ.വി.എച്ച്.എസ് നന്ദിയോട്.

അറബിക് സംഘഗാനം: 1. സൂഫിയ. കെ.എസ്, ഗവ ജി.എച്ച്.എസ്.എസ് ആറ്റിങ്ങൽ, 2. ആമിന .എ, ഗവ. എച്ച്.എസ്.എസ് നാവായിക്കുളം.

യു.പി വിഭാഗം

അറബിക് സംഭാഷണം: 1. അജ്മിയ .ഐ.ആർ, വൈ.എൽ.എം.യു.പി.എസ് കീഴാറ്റിങ്ങൽ, 2. ഫിർദൗസി ഫാത്തിമ.എൽ, അൽ ഉത്മാൻ കഴക്കൂട്ടം, 2. സാദിയ .ആർ, ഗവ. യു.പി.എസ് പെരിങ്ങമ്മല.

അറബിക് പദപയറ്റ്: 1. അമീന, കെ.വി.യു.പി.എസ് പാങ്ങോട്, 2. അജ്മിയ .ഐ.ആർ, വൈ.എൽ.എം.യു.പി.എസ് കീഴാറ്റിങ്ങൽ.

കവിതാരചന (മലയാളം): 1. ദേവു .ആർ.എസ്, എൻ.എസ്.എസ് എച്ച്.എസ് മടവൂർ, 2. അഷ്ടമി. സി.ആർ, ഗവ. എച്ച്.എസ്.എസ് പൂവത്തൂർ.

യു.പി അറബിക് ഗദ്യ വായനയിൽ ഒന്നാം സ്ഥാനം ലഭിച്ച ഐഷത്തുൾ ഫൗസിയ (വി.എം.ജെ.യു.പി.എസ് വള്ളക്കടവ്)

എച്ച്.എസ് വിഭാഗം കഥകളി സംഗീതത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ആഭ .എ.എം (കോട്ടൺഹിൽ ജി.എച്ച്.എസ്.എസ്, തിരുവനന്തപുരം)

എച്ച്.എസ് വിഭാഗം സംസ്കൃതം പ്രശ്നോത്തരിയിൽ ഒന്നാം സ്ഥാനം ലഭിച്ച ജെ.എസ്. ദർശന (ജി.ജി.എച്ച്.എസ് കോട്ടൺഹിൽ,

എച്ച്.എസ് വിഭാഗം ഇംഗ്ലീഷ് കഥാരചനയ്ക്ക് ഒന്നാം സ്ഥാനം നേടിയ അത്മ സാബു (കണ്ണശമിഷൻ എച്ച്.എസ്, പേയാട്)

യു.പി വിഭാഗം ഹിന്ദി പദ്യംചൊല്ലലിൽ ഒന്നാം സ്ഥാനം ലഭിച്ച എ. ഫിദ (എം.എം.യു.പി.എസ് പേരൂർ)

എച്ച്.എസ്.എസ് ശാസ്ത്രീയ സംഗീതം ഒന്നാം സ്ഥാനം നേടിയ എൻ.ജെ. പൂജ (കോട്ടൺഹിൽ, തിരുവനന്തപുരം)

എച്ച്.എസ് അറബിക് കഥാപ്രസംഗം ഒന്നാം സ്ഥാനം ലഭിച്ച ഹലീമത്ത് സഹ്ദിയ (ജി.എച്ച്.എസ്.എസ്, നാവായിക്കുളം)

എച്ച്.എസ് പാഠകം ഒന്നാം സ്ഥാനം ലഭിച്ച ഗൗരി .സി.വി (കോട്ടൺഹിൽ, തിരുവനന്തപുരം)